**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2231** — **06-07-2022 - ൽ മറുപടിയ്ക്ക്**

**പുല്ലമ്പാറ മാവേലി സ്റ്റോർ അപ്ഗ്രേഡ് ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ മാവേലി സ്റ്റോർ അപ്ഗ്രേഡ് ചെയ്ത് സൂപ്പർ മാർക്കറ്റ് നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | പുല്ലമ്പാറ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി അപ്ഗ്രേഡ് ചെയ്ത്, മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തി നൽകുന്നതിന് പുല്ലമ്പാറ പഞ്ചായത്തിന് കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. കെട്ടിടം കണ്ടെത്തുന്നതിന് പ്രാദേശിക തലത്തിൽ അന്വേഷണം നടത്തിയതിൽ പുല്ലമ്പാറ പഞ്ചായത്തിൽ മരുതുംമൂട് ജംഗ്ഷനിൽ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന കെട്ടിടം സപ്ലൈകോയ്ക്ക് വാടകയ്ക്ക് നൽകുന്നതിന് സമ്മതമാണെന്ന് കെട്ടിട ഉടമ അറിയിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കി മറ്റ് അനുബന്ധ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നെടുമങ്ങാട് സപ്ലൈകോ ഡിപ്പോയുടെ പരിധിയിൽ ഏറ്റവും കൂടുതൽ വിറ്റുവരവുള്ള പ്രസ്തുത മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ